മലയാളം ന്യൂസ്
സൺഡേ പ്ലസ്
7
2010 മാർച്ച് 14 ഞായർ

ഇന്ത്യക്കാർക്ക് ഗാന്ധിജിയും സുഭാഷ് ചന്ദ്രബോസും ഒത്തുചേർന്നാലെന്താണോ, അതാണ് ലിബിയക്കാർക്ക് ഉമർ മുഖ്താർ. 20 വർഷക്കാലം ഇറ്റാലിയൻ പട്ടാളക്കാരെ ഒളിപ്പോരുകൊണ്ട് പൊറുതിമുട്ടിച്ച വീരനായകൻ.



ഉമർ മുഖ്താറിനെ ഇറ്റാലിയൻ സേന അറസ്റ്റ് ചെയ്തപ്പോൾ.
-കടപ്പാട് വിക്കിപീഡിയ

# മരുഭൂമിയിലെ സിംഹഗർജനം



ഉമർ മുഖ്താറിന്റെ മകൻ മുഹമ്മദ് ഉമർ മുഖ്താറിനെ ഡോ. എ.ജെ. തോമസ് ഹസ്തദാനം ചെയ്യുന്നു.

■ ഡോ. എ.ജെ. തോമസ്
അജ്ദാബിയ, ലിബിയ

സെപ്റ്റംബർ 16, 1931. സായംകാലം. സുലൂഖ് കോൺസൻട്രേഷൻ ക്യാമ്പിൽ, ആബാലവൃദ്ധരായ ആയിരക്കണക്കിന് ജനങ്ങൾ വലയം ചെയ്ത് നിൽക്കുന്നു. മേലാകെ മൂടിപ്പുതച്ച് തലയിൽ നേരിയ വെള്ളത്തുണികൊണ്ട് ചെവിയടക്കം ചുറ്റിക്കെട്ടി ഇടക്കിടെയുണ്ടാകുന്ന മണൽക്കാറ്റിൽനിന്ന് രക്ഷപ്പെടാനെന്നവണ്ണം അവർ തിങ്ങിക്കൂടി നിൽക്കുന്നു. ആ ജനക്കൂട്ടം ഒന്നടങ്കം ഉദ്വിഗ്നരാണ്. അവസാന നിമിഷം എന്തെങ്കിലും അദ്ഭുതം തങ്ങളുടെ പ്രിയനായകനെ തൂക്കുമരത്തിൽനിന്നും രക്ഷിക്കും എന്ന് അവർ ആശിച്ചു. ആ അദ്ഭുതം സംഭവിക്കുക തന്നെ ചെയ്തു. 'ലിബിയ' എന്ന ദേശീയത രൂഢമൂലമായി, ഒരു ഏകീകൃത രാഷ്ട്രത്തിന് രൂപം നൽകുക എന്ന അദ്ഭുതം. പക്ഷെ ഒരു ക്ഷണമാത്രയിൽ അത് നടന്നില്ലെന്ന് മാത്രം. മറിച്ച് ധീരദേശാഭിമാനി ഉമർ അൽ മുഖ്താർ (അനുയായികളുടെ പ്രിയപ്പെട്ട സിഡി ഉമർ) ഒരു കഷ്ണം കയറിൽ രക്തസാക്ഷിത്വം വരിച്ചു.

ഇറ്റാലിയൻ പട്ടാളക്കാർ ഒരുക്കിയ തൂക്കുമരത്തിൽ ആ 69കാരൻ വന്ദ്യവയോധികൻ പിടഞ്ഞു മരിച്ചു. 'ഒന്നുകിൽ വിജയം, അല്ലെങ്കിൽ മരണം' എന്ന തന്റെ മുദ്രാവാക്യം 20 വർഷം നീണ്ടുനിന്ന ഇറ്റലിയുടെ അധിനിവേശത്തിനെതിരായ ആ ഒളിപ്പോരിന്റെ അന്ത്യം അന്വർഥമാക്കി.

മരുഭൂമിയിലെ സിംഹഗർജനം അവസാനിച്ചുവെന്ന് ഇറ്റലിയിലെ സ്വേച്ഛാധികാരികൾ കരുതി. നരച്ച താടിയും മുടിയും കുഴിയിലാണ്ട പ്രകാശമാനമായ കണ്ണുകളും ചേർന്ന് ഒരു അവധൂതന്റെ പരിവേഷം പകർന്നിരുന്ന ആ രൂപം ഏതാനും നിമിഷങ്ങൾക്കകം നിശ്ചലമായി. ആയിരങ്ങളുടെ കണ്ഠങ്ങളിൽനിന്നും ദീനരോദനം ഉയർന്നു. പിന്നീടവർ ഒരേ ശബ്ദത്തിൽ പറഞ്ഞു - 'അല്ലാഹു അക്ബർ.'

1945 ഏപ്രിൽ 28. ഇറ്റലിയിലെ മിലാനിന്റെ പ്രാന്തപ്രദേശത്തുള്ള ഒരു പെട്രോൾ സ്റ്റേഷന്റെ വിളക്കുകാലിൽ, വെടിയുണ്ടകൾ തുളച്ചുകയറിയ മുസ്സോളിനിയുടെ ശവശരീരം തലകീഴായി തൂങ്ങിയാടിയപ്പോൾ, സ്വേച്ഛാധിപത്യത്തിന്റെ അന്ധമായ ദുരയിൽ ഉമർ മുഖ്താറിനെ തൂക്കിലേറ്റാൻ കൽപ്പനയിട്ട മനുഷ്യൻ, വിധിയുടെ മുഖം നോക്കാത്ത നീതിക്കു മുമ്പിൽ കീഴടങ്ങി. കയർപൊട്ടി താഴെ വീണ ആ മൃതശരീരത്തിന്റെ മുഖത്ത് വെറിമൂത്ത ഇറ്റലിക്കാരികൾ മൂത്രമൊഴിച്ച് പക പോക്കിയെന്ന് കൊർണേലിയസ് റയൻ 'ദി ലോംഗസ്റ്റ് ഡേ' എന്ന ഗ്രന്ഥത്തിൽ എഴുതിയത് ഓർമിച്ചുപോയി. ഉമർ മുഖ്താർ ഇപ്പോഴും ജീവിക്കുന്ന വീരനായകൻ; മുസ്സോളിനിയോ?

2010 മാർച്ച് 11, രാവിലെ ഒമ്പതര മണി. ഞാൻ സുലൂഖിലെ രക്തസാക്ഷി മണ്ഡപത്തിൽ നിൽക്കുകയാണ്. അജ്ദാബിയ കോളേജിലെ ഇംഗ്ലീഷ് വകുപ്പുമേധാവിയും എന്റെ സുഹൃത്തുമായ മൂമിൻ അൽഹാൽഡി, ഗണിത ശാസ്ത്രാധ്യാപകൻ ഈജിപ്തുകാരൻ ഡോ. തൗഫീഖ് എന്നിവർ കൂടെയുണ്ട്.

ഉമർ മുഖ്താർ സ്മാരക സമുച്ചയത്തിൽ പ്രധാനമായവ അദ്ദേഹത്തിന്റെ ഖബർ, തൂക്കിലേറ്റിയ ഇടത്തിലുള്ള സ്മാരകഭിത്തി, ഒരു ചെറിയ മ്യൂസിയം എന്നിവയാണ്. ചുറ്റുമതിലും പൂട്ടിയ ഗേറ്റും കാവൽക്കാരനും ഈ സ്ഥലത്തിന്റെ പ്രത്യേക പ്രാധാന്യം എടുത്തുകാട്ടുന്നു.

'ശരിയായ ധീരർക്ക് മരണമില്ല. അല്ലാഹുവിന്റെ കൃപയാൽ അവർ നിത്യം നമ്മുടെ സ്മരണകളിൽ ജീവിക്കുന്നു' എന്ന് ഏകദേശം അർഥം പറയാവുന്ന അറബിയിലുള്ള വരികൾ ഖബറിടത്തിൽ കൊത്തിവെച്ചിരിക്കുന്നു. ഖബറിടത്തിൽ നിന്ന് 50 അടി വടക്കുമാറി ഉദ്ദേശം 20 അടി പൊക്കത്തിലും 10 അടി വീതിയിലും സ്മാരക ഭിത്തി. അതിന്റെ മധ്യത്തിൽ എഴുതിയിരിക്കുന്നു: "1931 സെപ്റ്റംബർ 16-ാം തീയതി ഇറ്റാലിയൻ സർക്കാർ ചെയ്ത കൊടും പാതകം. ധീര ദേശാഭിമാനി ഉമർ അൽ മുഖ്താറിനെ ഈ സ്ഥലത്ത് തൂക്കിലേറ്റി."

ഏതാനും നിമിഷം നിർന്നിമേഷനായി നോക്കി നിന്നു. മൂമിനും ഡോ. തൗഫീക്കും ഫോട്ടോയും വീഡിയോയും എടുക്കുമ്പോൾ പോലും മനസ്സ് ശൂന്യമായിരുന്നു- 79 വർഷം മുമ്പത്തെ ആ സായം കാലം മനസ്സിലേക്ക് പെട്ടെന്ന് ഇരച്ചുകയറും വരെ.

മുസ്തഫ അക്കാദിന്റെ 'ദി ലയൺ ഓഫ് ദി ഡെസേർട്ട്' എന്ന 1981 ഹോളിവുഡ് ചിത്രത്തിലെ അവസാന രംഗം ഓർമവന്നു.

ചുറ്റും പർവതങ്ങൾ വലയം ചെയ്തിരുന്നു, ആ സ്ഥാനത്ത്. പക്ഷെ ഇവിടെ മലകൾ എവിടെ?

'പടം എടുത്തത് ഇവിടെയല്ല, ആന്റണികിൻ ഈ പൊടിക്കാട്ടിൽ വരുമോ?' -മൂമിൻ തമാശ പറഞ്ഞു. പക്ഷെ കാർ റോഡിലൂടെ അൽപം മുന്നോട്ടു നീങ്ങിയപ്പോൾ ജബൽ അഖ്ദറിലെ (ഹരിത പർവതം) മലനിരകൾ അകലെ, കിഴക്ക്. മുസ്തഫ അക്കാദ് ഏതാണ്ടൊപ്പിച്ചൊരു ലൊക്കേഷൻ കണ്ടെത്തിയിരുന്നു, തീർച്ച.

"സുലൂഖിലുള്ള പലരും ഈ സ്ഥലം കണ്ടിട്ടുതന്നെയുണ്ടാവില്ല. കയ്റോവിലുള്ള പലരും പിരമിഡുകൾ കാണാത്തതുപോലെ' -മൂമിൻ സരസ സംഭാഷണം തുടരുകയാണ്- ഒരു കനം കുറഞ്ഞ അതിശയോക്തി. പക്ഷെ വാക്കിൽ പിശുക്കനായ ഡോ. തൗഫീഖ് ഒരു മണിക്കൂർ കഴിഞ്ഞ് താൻ പിരമിഡുകൾ കണ്ടിട്ടില്ല എന്ന് ഏറ്റുപറഞ്ഞപ്പോൾ ഞാൻ അന്തം വിട്ടുപോയി. മൻസൂറാ യൂണിവേഴ്സിറ്റിയിൽ നിന്ന് ഗണിത ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ അദ്ദേഹം മാസത്തിലൊരിക്കലെങ്കിലും കയ്റോയിൽ പോയിരിക്കണം! 'ദൽഹിക്കാരിൽ ഒരു നല്ല പങ്കും താജ്മഹൽ കാണാത്തവരാണ്' -ഒരു ആശ്വസിപ്പിക്കലിന്റെ മട്ടിൽ ഞാൻ പറഞ്ഞു.

ഇത്തരം ചരിത്ര സ്മാരകങ്ങൾ ഉള്ളിലുണർത്തുന്ന അസാധാരണമായ ഒരുതരം നേരിയ ആകുലത- ബിർള ഹൗസിലെ ഗാന്ധി സ്മൃതിയിൽ, ശ്രീരംഗപട്ടണത്ത് ടിപ്പു സുൽത്താൻ വെടിയേറ്റുവീണ സ്ഥാനത്ത്, ഹെയ് മാർക്കറ്റ് സംഭവത്തിലെ രക്തസാക്ഷികളുടെ സ്മാരകമായ ഒരു ചെറിയ ശിലാഖണ്ഡത്തിനു മുൻപിൽ (1997 മെയ്ദിനത്തിന്റെ പിറ്റേന്നാൾ, ചിക്കാഗോ നഗരസഭാ അധികൃതരും പോലീസും ഒരു തരിമ്പും തുണക്കാതെ, അവസാനം കാലുളുക്കിയ ഒരു നാലു മണിക്കൂർ തിരഞ്ഞുനടപ്പിന്റെ അന്ത്യത്തിൽ കണ്ടെത്തുകയായിരുന്നു) മാർക്സിന്റെ ഹൈഗേറ്റ് സെമിത്തേരിയിലെ ശവകുടീരം എന്നിവിടങ്ങളിൽ, ഉള്ളുപൊള്ളയാക്കുന്ന ഈ അഗ്നിബാധ അനുഭവിച്ച സ്മരണ.

2008 ഒക്ടോബർ 28ന് ആദ്യമായി ലിബിയയിൽ എത്തുമ്പോൾ മനസ്സിലുണർന്നിരുന്ന ഏക രൂപം ഉമർ മുഖ്താറിന്റേതായിരുന്നു. ബെങ്കാസിയിലെ ഗാർ യൂനിസ് യൂണിവേഴ്സിറ്റിയിൽ ഇംഗ്ലീഷ് അധ്യാപകനായി ജോലിയിൽ പ്രവേശിച്ച് അജ്ദാബിയയിലുള്ള കോളേജിൽ അടുത്ത ദിവസം തന്നെ ഡ്യൂട്ടിക്ക് പോയിത്തുടങ്ങി. ബെങ്കാസി എന്ന മെഡിറ്ററേനിയൻ തുറമുഖം ലിബിയയിൽ, തലസ്ഥാന നഗരിയായ ട്രിപ്പോളി കഴിഞ്ഞാൽ രണ്ടാമത്തെ വലിയ നഗരമാണ്. ഇവിടെനിന്ന് 160 കിലോമീറ്റർ തെക്കുമാറി കടലോരത്ത്, പുരാതനമായ കാരവൻ പാതകൾ സന്ധിക്കുന്ന അജ്ദാബിയ, 2000 വർഷം മുമ്പ് കോർണിക്ലോറം എന്ന റോമൻ പട്ടണമായിരുന്നു. മാഹ്ദി സുൽത്താൻ ഫാത്തിമീയ കാലിഫേറ്റ് സ്ഥാപിക്കാൻ കയ്റോ നഗരം പണിഞ്ഞു തുടങ്ങുന്നതിനു മുമ്പ് ക്രിസ്തുവർഷം 913ൽ കോട്ട കൊത്തളങ്ങൾ പണിത് അജ്ദാബിയയിൽ താവളമൊരുക്കിയ ശേഷമാണ് പുറപ്പെട്ടത്.

ഇബ്നുബത്തൂത്ത കടന്നുപോയ പാത!

ബെങ്കാസിയിൽ താമസിച്ച് അജ്ദാബിയക്ക് ദിവസവും ടാക്സിയിൽ പോയി വരികയായിരുന്ന ഞാനും പ്രൊഫസർ (ഡോ.) ജോസഫും ഒരു ദിവസം ടാക്സി ഡ്രൈവറുടെ വാക്കുകൾ കേട്ട് ആകാംക്ഷാഭരിതരായി. "സുലൂഖിലേക്ക് വെറും 30 കിലോമീറ്ററേയുള്ളൂ..." റോഡിന് വലതുവശത്തേക്ക് ചൂണ്ടി അയാൾ പറഞ്ഞു. "ഉമർ മുഖ്താറിന്റെ ഖബറിടം."

ഒബാമ അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ വിജയിച്ച 2008 നവംബർ 5! ടാക്സി ഡ്രൈവർ അഹമ്മദും ഞാനും അതീവ സന്തുഷ്ടർ! അന്ന് ഞങ്ങൾ ഈ ഖബറിടത്തിൽ എത്തിയിരുന്നു. പക്ഷെ സന്ധ്യമയങ്ങി. ക്യാമറ ഇല്ലായിരുന്നു. ഇന്ന് 16 മാസങ്ങൾക്കു ശേഷം എല്ലാം ഒത്തു വന്നിരിക്കുന്നു.

ഇന്ത്യക്കാർക്ക് ഗാന്ധിജിയും സുഭാഷ് ചന്ദ്രബോസും ഒത്തുചേർന്നാലെന്താണോ, അതാണ് ലിബിയക്കാർക്ക് ഉമർ മുഖ്താർ. 20 വർഷക്കാലം ഇറ്റാലിയൻ പട്ടാളക്കാരെ ഒളിപ്പോരുകൊണ്ട് പൊറുതിമുട്ടിച്ച വീരനായകൻ. ഖുർആൻ പ്രചാരണം എന്ന വിശുദ്ധ ദൗത്യം ലിബിയക്കാർക്കിടയിൽ നിർവഹിച്ച അതുല്യനായ അധ്യാപകനായി ജീവിച്ച ഉമർ മുഖ്താർ 50-ാം വയസ്സിൽ ഒളിപ്പോരാളിയായി സ്വയം പരിശീലനം തുടങ്ങി. കുതിര സവാരി, റൈഫിൾ ഷൂട്ടിംഗ് എന്നിവയടക്കം പഠിച്ച്, മരുഭൂമിയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഉപയോഗിച്ച് ഒളിപ്പോരിന്റെ ചരിത്രത്തിൽ പുതിയ അധ്യായം കുറിച്ചു അദ്ദേഹം. മരുക്കാറ്റിൽ അനുനിമിഷം ആകൃതി മാറുന്ന മണൽക്കൂനകൾക്കിടയിലൂടെ, ചീറിയടിക്കുന്ന 'ഗിബ്ലി'യെന്ന മണൽക്കാറ്റിന്റെ വേഗത്തിനൊത്ത്, മണലോളങ്ങൾക്കിടയിലൂടെ മിന്നൽ കണക്കെ തെന്നിമറിഞ്ഞ് എതിരാളികളെ വകവരുത്തി അന്തർധാനം ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ശൈലി. അവസാനം ആകാശയുദ്ധം വേണ്ടിവന്നു ഇറ്റാലിയൻ പട്ടാളത്തിന്, അദ്ദേഹത്തെ മുറിവേൽപ്പിക്കാൻ. ചരിത്രത്തിൽ ആദ്യമായി മരുഭൂമിയിൽ വിമാനം ഉപയോഗിച്ച് ചെയ്ത യുദ്ധം.

'പകൽ അവർ നമ്മുടെ നാട് കൈയടക്കുമ്പോൾ, രാത്രിയിൽ നാം അത് വീണ്ടെടുക്കുന്നു' -ഉമർ മുഖ്താർ പറയുമായിരുന്നു.

'എന്റെ അപ്പൂപ്പനും ഉമർ മുഖ്താറും ഖുർആൻ പ്രചാരണത്തിൽ സഹപ്രവർത്തകരായിരുന്നു' അസ്റാഫ് ഗോത്രവംശജനായ മൂമിൻ അൽഹാൽദിയുടെ സ്വരത്തിൽ അഭിമാനം.

2010 ഫെബ്രുവരി 20. ഞങ്ങൾ 15 മാസമായി അജ്ദാബിയയിൽ താമസം തുടങ്ങിയിട്ട്. ആദ്യമായി ഒരു പൊതുപരിപാടിയിൽ പങ്കെടുക്കാൻ ക്ഷണം കിട്ടിയിരിക്കുന്നു. 'എസ്വയ്യ' ഗോത്രക്കാരുടെയിടയിലുള്ള പ്രസിദ്ധമായ 'മുഫ്ത' കുടുംബക്കാരൻ ഡോ. ലോജില്ലി സാലഹ് എഴുതിയ 'അൽഅഗിറ' എന്ന പുസ്തകത്തിന്റെ പ്രകാശനം. വെബ്സൈറ്റിന്റെ ഉദ്ഘാടനം. ഉമർ മുഖ്താറിന്റെ തോളോടുതോൾ ചേർന്ന്, ഡോ. ലോജില്ലിയുടെ അപ്പൂപ്പനും, പൂർവികരും ഇറ്റാലിയൻ പട്ടാളത്തോട് പടപൊരുതിയ കാലത്തിന്റെ ചരിത്രരേഖയാണീ പുസ്തകം. മുഖ്യാതിഥി ഉമർ മുഖ്താറിന്റെ ഏക മകൻ മുഹമ്മദ് ഉമർ മുഖ്താർ. 90-ന് അടുത്ത പ്രായം. വീൽ ചെയറിലാണ്. പതുങ്ങിയ സ്വരത്തിൽ സംസാരം. മരുഭൂമിയിലെ സിംഹത്തിന്റെ പുത്രനെ കാണാൻ വൻ തിരക്ക്. പൊതു പരിപാടികൾ തുലോം കുറവായ അജ്ദാബിയയിൽ, ഈ വിശേഷാതിഥിക്ക് ഹസ്തദാനം ചെയ്യാനും കൂടെനിന്ന് ഫോട്ടോ എടുക്കാനും മണിക്കൂറുകൾ കാത്തുനിന്നു ഞങ്ങൾ, അജ്ദാബിയ ആർട്സ് ആന്റ് സയൻസ് കോളേജിലെ ഇന്ത്യക്കാരായ ഇംഗ്ലീഷ് അധ്യാപകർ. കോളേജിനെ പ്രതിനിധീകരിച്ച് ആശംസാ പ്രസംഗം നിർവഹിക്കുക എന്ന അസുലഭാവസരം, മലയാളിയും സഹവാസിയുമായ പ്രൊഫസർ (ഡോ) ടി.ജി. ജോസഫിന്!

മൂമിന്റെ ഒരു തമാശയിൽ ഈ കുറിപ്പ് അവസാനിപ്പിക്കാം. പത്തിന്റെ ലിബിയൻ ദിനാർ നോട്ടിൽ ഉമർ മുഖ്താറിന്റെ ചിത്രമാണ് മുദ്രണം ചെയ്തിരിക്കുന്നത്. അപ്പോൾ 'താങ്കൾക്ക് ഇഷ്ടപ്പെടുക എന്ത് ഉപഹാരമായിരിക്കും' എന്ന് മുഹമ്മദ് ഉമർ മുഖ്താറിനോട് ആരെങ്കിലും ചോദിച്ചാൽ, 'എന്റെ അച്ഛന്റെ ചിത്രം എത്രവേണമെങ്കിലും ആയിക്കോട്ടെ' എന്നു മറുപടി പറഞ്ഞാൽ ശരിയല്ലേ? □



ഡോ. ലോജില്ലി സാലഹ് എഴുതിയ 'അൽഅഗിറ'യുടെ പ്രകാശനച്ചടങ്ങിൽ മുഹമ്മദ് ഉമർ മുഖ്താർ.



ലേഖകൻ ഉമർ മുഖ്താർ സ്മാരകത്തിനു മുമ്പിൽ.

ചിത്രങ്ങൾ- മൂമിൻ അൽഹാൽഡി, ഡോ. തൗഫീഖ്.